ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി

202 (799) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ ദേശീയപാതാ അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ ;

(സി) ഇത്തരം നിയന്ത്രണങ്ങൾ നീക്കുന്നതിനും സമയബന്ധിതമായി ദേശീയ പാതകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇതുവരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) ദേശീയപാതകളിലെ എല്ലാ അറ്റകുറ്റപ്പണികളും സമയബന്ധിതമായി നടത്തുന്നതിന് എന്തൊക്കെ പുതിയ സംവിധാനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ & ബി) ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്ക് അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്തതാണ് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാതെ വന്നത്. കഴിഞ്ഞ 5 വർഷം ഈ ആവശ്യത്തിന് കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടിയിരുന്ന തുകയിൽ 409 കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ട്.

(സി) & (ഡി) ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന ഖജനാവിൽനിന്നും 16 കോടി രൂപ ഈ വർഷം അനുവദിച്ചു. പാച്ച്വർക്ക് നടത്തിയിട്ടുണ്ട്. ഇതിനോടൊപ്പം കേന്ദ്രത്തിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ നിവേദനം നൽകിയതിന്റെ ഫലമായി ഫണ്ട് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly